LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

2011 ഫെബ്രുവരി 16, ബുധൻ

വാല്യം : 145] **ഔദ്യോഗിക റിപ്പോർട്ട്** **[നമ്പർ 7**

നിയമസഭ 2011 ഫെബ്രുവരി മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ *121

വിള ഇൻഷ്വറൻസ് പദ്ധതി

1 (*121) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ; ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) കേന്ദ്രസർക്കാരിന്റെ നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) ഏതെല്ലാം വിളകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ,

(എ) ഈ പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുകയെന്നതാണ് കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശം. തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരകിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും വന്യമൃഗങ്ങളുടെ ശല്യം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുമാത്രമേ ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളു. പദ്ധതിയിൽ ചേരുന്ന കർഷകർ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ് ദിവസങ്ങൾക്ക് ശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളു. വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിനുമാത്രമേ നഷ്ടപരിഹാരം ലഭിക്കുകയുള്ളു. ഇഞ്ചി, മഞ്ഞൾ, നിലക്കടല, എള്ള്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, ഏലം, വെറ്റില എന്നീ വിളകൾക്ക് ഇൻഷർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞത് 10 ശതമാനമെങ്കിലും നാശനഷ്ടമുണ്ടായാലേ നഷ്ട പരിഹാരം ലഭിക്കുകയുള്ളു. ഓരോ വിളയ്ക്കുമുള്ള പ്രായപരിധിയും പ്രീമിയം നിരക്കും നഷ്ടപരിഹാരതോതും അനുബന്ധമായി* ചേർത്തിരിക്കുന്നു. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാരതുക നൽകുന്നതാണ്. ദീർഘകാല വിളകൾക്ക്, കായ്ച്ച് തുടങ്ങുന്നതുവരെയുള്ള കാലത്തേക്ക് പ്രത്യേക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, (അനുബന്ധം*) സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകന് ഈ പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്.

കൃഷി ഭവനുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്നവർ ഇതിനായി നിശ്ചയിച്ചിട്ടുള്ള അപേക്ഷയിൽ അതാത് കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്.

കൃഷി ഭവനിൽനിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക സ്ഥലത്തെ ജില്ലാ സഹകരണ ബാങ്ക് ശാഖകളിൽ അടയ്ക്കണം. പ്രീമിയം അടച്ച രസീത് കൃഷി ഭവനിൽ ഏൽപ്പിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ പോളിസി കർഷകന് നൽകും.

---

* അനുബന്ധം I&II കാണുക

LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭങ്ങൾമൂലം കൃഷിനാശം സംഭവിച്ചാൽ 15 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ടഫോറത്തിൽ കൃഷി ഭവനിൽ അപേക്ഷ നൽകണം. കൃഷി ഭവനിൽ അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ ഉദ്യോഗസ്ഥന്മാർ സ്ഥലം പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തും.

നഷ്ടപരിഹാരം ഓരോ കർഷകന്റെയും പേരിൽ ചെക്കായി കൃഷി ഭവൻ വഴി നൽകുന്നതാണ്.

(ബി) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ ഖാരിഫ് വിളക്കാലത്ത് നെല്ല്, മരിച്ചീനി, വാഴ, മഞ്ഞൾ, കൈതച്ചക്ക എന്നീ വിളകൾ എല്ലാ ജില്ലകളിലും കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ ഇഞ്ചിയും ഉൾപ്പെടുത്തിയിട്ടുണ്ട്. റാബി I വിളക്കാലത്തും റാബി II വിളക്കാലത്തും നെല്ല്, മരച്ചീനി, വാഴ എന്നീ വിളകളെ എല്ലാ ജില്ലകളിലും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്ത് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഇതിന്റെ പ്രായോഗികതയും കാര്യക്ഷമതയും കൃഷിക്കാർക്കുണ്ടാകുന്ന പ്രയോജനവും വിലയിരുത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ 2008-09 മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു. (അനുബന്ധം)*

ഓരോ വിളകൾക്കും അതിന്റെ വളർച്ചയ്ക്കും പരമാവധി ഉൽപ്പാദനം ലഭ്യമാക്കുന്നതിനും അനുകൂലമായ കാലാവസ്ഥാ ഘടകങ്ങളുടെ പരിധി പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. കാലാവസ്ഥാഘടകങ്ങളും ഈ അനുകൂല പരിധിയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും ഉൽപ്പാദനത്തെ ബാധിക്കുന്നു എന്ന തത്വത്തിൽ അധിഷ്ഠിതമാണ് ഈ പദ്ധതി. ആയതിനാൽ ഓരോ വിളകളുടേയും പരമാവധി ഉൽപ്പാദനത്തിന് ഉതകുന്ന കാലാവസ്ഥാ ഘടകത്തിന്റെ പരിധിയിൽ വരുന്ന വ്യതിയാനം അടിസ്ഥാനമാക്കി ഇൻഷ്വറൻസ് പരിരക്ഷ തിട്ടപ്പെടുത്താവുന്നതാണ്. ഉൽപ്പാദനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന കാലാവസ്ഥ ഘടകത്തിന്റെ ഏറ്റക്കുറച്ചിലുകളാണ് മാനദണ്ഡമാക്കുന്നത്.

ഇൻഷ്വർ ചെയ്യുന്ന തുകയുടെ രണ്ട് ശതമാനംവരെ വരുന്ന പ്രീമിയത്തിന്മേൽ സർക്കാർ സബ്സിഡി ലഭ്യമല്ല. രണ്ട് ശതമാനത്തിലധികം പ്രീമിയം വരുന്ന അവസരത്തിൽ രണ്ട് ശതമാനത്തിലധികമുള്ള തുകയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുന്നു.

5 ശതമാനം മുതൽ 8 ശതമാനംവരെ പ്രീമിയം തുക വരുന്ന അവസരത്തിൽ 3.275 ശതമാനം കർഷകൻ ഒടുക്കുന്ന രീതിയിൽ 40 ശതമാനം സബ്സിഡി നൽകുന്നു.

8 ശതമാനത്തിലധികം പ്രീമിയം ഒടുക്കേണ്ട അവസരത്തിൽ മിനിമം 4.8 ശതമാനവും ഏറ്റവും കൂടിയത് 6 ശതമാനവും കർഷകന്റെ വിഹിതം വരുന്ന രീതിയിൽ 50 ശതമാനം തുകവരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി വഹിക്കുന്നു.

അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

---

* അനുബന്ധം III കാണുക

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2008-09 റാബി വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ല്, മാവ് എന്നീ വിളകളേയും കാസർഗോഡ് ജില്ലയിൽ കശുമാവിനെയും 2009-10 ഖാരിഫ് വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും ഇടുക്കി ജില്ലയിൽ കുരുമുളകിനും 2009-10 റാബി വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും കാസർഗോഡ് ജില്ലയിൽ കശുമാവിനും 2010-11 ഖാരിഫ് വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും ഇടുക്കി, വയനാട് ജില്ലകളിൽ കുരുമുളകിനും 2010-11 റാബി വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കശുമാവിനും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) സംസ്ഥാന കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിന്മേൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി വിളകൾക്ക് നാശനഷ്ടം ഉണ്ടായി 3 ദിവസത്തിനകം ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കണമെന്ന നിബന്ധന 15 ദിവസമാക്കി ദീർഘിപ്പിച്ചിട്ടുണ്ട്.

ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ കേന്ദ്ര സർക്കാരുമായി ചേർന്ന് അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേന നടപ്പിലാക്കുന്നതിനാൽ ഏകപക്ഷീയമായി സംസ്ഥാന സർക്കാരിന് മാത്രമായി നടപടിക്രമങ്ങളിൽ മാറ്റം വരുത്താനാവില്ല.

മി. സ്പീക്കർ: ഇനി ഉപചോദ്യത്തിന്റെ ആവശ്യമില്ല.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ സർക്കാർ കർഷകർക്കായി പുതുതായിട്ട് എന്തെങ്കിലും ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, 2007-ലെ വേനൽമഴക്കാലത്തുണ്ടായ നാശനഷ്ടം, പ്രത്യേകിച്ച് നെൽകൃഷിക്കുണ്ടായ നാശനഷ്ടം പരിഗണിച്ച് അതുവരെ നെല്ലിനുണ്ടായിരുന്ന ഇൻഷ്വറൻസ് പദ്ധതി കേരളത്തിൽ പുതിയതായി പരിഷ്കരിച്ചിട്ടുണ്ട്. അതുവരെ ഉണ്ടായിരുന്നത് ഒരു ഹെക്ടറിന് 250 രൂപ പ്രീമിയവും 6,000 രൂപ വരെ ആനുകൂല്യവുമായിരുന്നു എന്നാൽ പ്രീമിയം 100 രൂപയാക്കി കുറച്ചുകൊണ്ട് ആനുകൂല്യം 12,500 രൂപയായി വർദ്ധിപ്പിച്ചതുവഴി ഇപ്പോൾ ധാരാളം നെൽ കർഷകർ ആ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കീടനാശിനിമൂലമുണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തിന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചിട്ടുള്ള വിശദാംശം നൽകുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇതുവരെ അങ്ങനെയൊരു ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടില്ല.

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇൻഷ്വറൻസ് തുക ലഭിക്കുന്നതിലും ഇൻഷ്വർ ചെയ്യുന്നതിലും കൃഷിക്കാർക്ക് ഒരു താല്പര്യം ഉണ്ടായിട്ടുണ്ട്. പക്ഷേ റബ്ബറിന് 50 രൂപ വിലയുണ്ടായിരുന്നപ്പോഴാണ് പ്രീമിയവും നഷ്ടപരിഹാരത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചത്. ഇപ്പോൾ റബ്ബറിന്റെ വില 230 രൂപയാണ്. ഏലത്തിന്റെ വില 1,400 രൂപയാണ്. നാളികേരത്തിന്റെ വില 60 രൂപയാണ്. "മാവേ മാവേ പൂക്കല്ലേ നായനാർ ഭരണം പോകട്ടേ" എന്ന മുദ്രാവാക്യം ഞാൻ കേട്ടിരുന്നു. ഇപ്പോൾ വി. എസ്. ഗവൺമെന്റ് ഭരിക്കുമ്പോൾ വില കിട്ടിയത് അഭിനന്ദിക്കുമോ എന്ന് എനിക്ക് അറിയില്ല. പക്ഷേ അനുകൂലമായ ഈ സാഹചര്യത്തിൽ, വിലയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരതുക കുറച്ചുകൂടി വർദ്ധിപ്പിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇതിനൊരു പ്രീമിയം തുകയും നഷ്ട പരിഹാരതുകയുമാണ് നിശ്ചയിച്ചിട്ടുള്ളത്. നഷ്ടപരിഹാരതുക സ്വാഭാവികമായി ഒരു വിളയ്ക്ക് വർദ്ധിപ്പിക്കുമ്പോൾ പ്രീമിയം തുകയ്ക്കും മാറ്റം വേണ്ടിവരും. അത് ആലോചിക്കാം.

ശ്രീ. പി. ടി. എ. റഹീം: സർ, വിള ഇൻഷ്വറൻസിനെ സംബന്ധിച്ച് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നാളികേര വികസന ബോർഡ് ആവിഷ്കരിച്ചിട്ടുള്ള നാളികേര വിള ഇൻഷ്വറൻസ് പദ്ധതിയും ഇതുമായി എന്തെങ്കിലും വ്യത്യാസമുണ്ടോ; ഇത് രണ്ടും ഒരാൾക്ക് ലഭിക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, നാളികേര വികസന ബോർഡുമായി സംസ്ഥാന ഗവൺമെന്റ് ചേർന്ന് നടത്തുന്ന ഇൻഷ്വറൻസ് പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ നാലു ജില്ലകളിലാണ് പൈലറ്റ് പ്രോഗ്രാമായി നടപ്പാക്കുന്നത്. ആ പദ്ധതിയനുസരിച്ചുള്ള ഒരു പ്രത്യേകത, ഈ പദ്ധതിയിലുള്ളവർക്കും ആ പദ്ധതിയിൽ അംഗമാകാം. ആ പദ്ധതിയനുസരിച്ച് ഏതെങ്കിലും കീടരോഗബാധയുണ്ടായാലും അതിനും നഷ്ടപരിഹാരം ലഭിക്കും. പക്ഷേ പൈലറ്റ് പ്രോഗ്രാമനുസരിച്ച് കൃഷി വകുപ്പ് അതിന്റെപകുതിസംഖ്യയും കർഷക വിഹിതവും നാളികേര ബോർഡ് കൃഷിവകുപ്പെടുക്കുന്ന അത്ര സംഖ്യയും കൂടി എടുത്താണ് ആ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. ഏറ്റവും കുറഞ്ഞത് 10 തെങ്ങ് എങ്കിലും ഒരാൾ ഇൻഷർ ചെയ്യണമെന്നുണ്ട്. 10 തെങ്ങ് എങ്കിലുമുള്ളവർക്കേ ഇൻഷർ ചെയ്യാൻ പറ്റുകയുള്ളൂ. ആ പദ്ധതി ഈ നാല് ജില്ലയിലാണ് നടപ്പിലാക്കിയത്.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടിക്കുവേണ്ടി (ശ്രീ. മുരളി പെരുനെല്ലി): സർ, പ്രകൃതിയുടെ വികൃതിമൂലം വിപുലമായ തോതിൽ കൃഷിനാശം സംഭവിക്കുമ്പോൾ മുൻകാലങ്ങളിൽ കൃഷിക്കാർ അന്തംവിട്ടുനിൽക്കുന്ന കാഴ്ചയാണെങ്കിൽ ഇന്ന് അവരെ സഹായിക്കാൻ സർക്കാരുണ്ടെന്ന തോന്നൽ കൃഷിക്കാരുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നതായാണ് കാണാൻ കഴിയുന്നത്. എന്റെ ചോദ്യം, അങ്ങ് തന്ന മറുപടിയിൽ വിവിധയിനം കൃഷിനാശത്തെ സംബന്ധിച്ച് അല്ലെങ്കിൽ ആനുകൂല്യങ്ങൾ കിട്ടേണ്ടതിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അതിലൊന്നും ഉൾപ്പെടാത്ത രൂപത്തിൽ ഏറ്റവും രൂക്ഷമായി വന്നിരിക്കുന്ന വിഷയമാണ് ആഗോളതാപനംവഴി കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റം. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം എന്റെ മണ്ഡലത്തിലടക്കം ഒരു കോടിരൂപയോളം ഈ അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട മന്ത്രിതന്നെ വിതരണം ചെയ്തത്. അപ്പോൾ കാലാവസ്ഥാ വ്യതിയാനംമൂലം നെൽകർഷകർക്ക് നഷ്ടം സംഭവിക്കുമ്പോൾ പ്രത്യേകമായ താൽപര്യമെടുത്തുകൊണ്ട്, ഇത്തരം നഷ്ടങ്ങളടക്കം ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ ഒരു വിള ഇൻഷ്വറൻസിന് ആവശ്യമായ പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർ, നെല്ലിന്റെ കാര്യത്തിൽ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസിൽ അതിന്റെ ക്ലെയിം വരുമ്പോൾ കേരളം നേരിടുന്ന പ്രശ്നം, അവർ ഇന്ത്യയിലാകെ എടുത്തിരിക്കുന്ന ഒരു criteria 500 കിലോമീറ്റർ ചുറ്റളവിലുള്ള കാലാവസ്ഥാ വ്യതിയാനമാണ്. പക്ഷേ നമുക്ക് ഇപ്പോൾ തൃശ്ശൂരും പാലക്കാടും എടുത്താൽ സ്വാഭാവികമായിത്തന്നെ ചുടിൽ വ്യതിയാനമുണ്ട്. അപ്പോൾ നമ്മൾ ആവശ്യപ്പെടുന്നത് ഓരോ സോൺ അനുസരിച്ചുള്ള വ്യതിയാനം കൃത്യമായി രേഖപ്പെടുത്താനും ആ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിലുള്ള ആവറേജ് നഷ്ടമുണ്ടായാൽ അതിന് നഷ്ടപരിഹാരം കൊടുക്കാനുമാണ്. എനിക്ക് തോന്നുന്നു കേന്ദ്ര ഗവൺമെന്റ് ഏതാണ്ട് സമ്മതിക്കുന്ന മട്ടിലാണ്. കാരണം കേരളത്തിന്റെ പ്രത്യേകത വടക്കേന്ത്യയെപ്പോലെയുള്ള ഒരു വിശാലമായ മേഖലയിലുള്ള ഒരു കാലാവസ്ഥയല്ല. ഇവിടെ പലയിടത്തും കാലാവസ്ഥ പല തരത്തിലാണ്.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, അങ്ങ് പറഞ്ഞതിൽ നിന്നുതന്നെയാണ് എനിക്ക് ചോദിക്കാനുള്ളത്. കാരണം ദേശീയ കാലാവസ്ഥാ പാറ്റേൺ അനുസരിച്ച്, റാബി ഒന്ന് മണ്ട് വിളകൾക്കും, ഖാരിഫ് സീസണിലെ വിളകൾക്കും ആയിട്ടുള്ള ഒരു നാഷണൽ പാറ്റേൺ അനുസരിച്ചാണ് യഥാർത്ഥത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി കേന്ദ്ര സർക്കാർ രൂപപ്പെടുത്തിയിട്ടുള്ളത്. പ്രത്യേകിച്ച് കഴിഞ്ഞ വർഷം എട്ടുമാസത്തോളം തുടർച്ചയായി മഴ പെയ്യുകയുണ്ടായി. ഈ കാലം തെറ്റിവന്ന മഴയുടെ ഭാഗമായി നെല്ല് മാത്രമല്ല പലതരത്തിലുള്ള വിളകളും നശിച്ചിട്ടുണ്ട്. നാഷണൽ പാറ്റേൺ അനുസരിച്ച് വരുന്നതുകൊണ്ട് പലപ്പോഴും ഈ ഇൻഷ്വറൻസ് തുക ലഭിക്കാത്ത ഒരു സാഹചര്യം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി, അത്തരം സന്ദർഭങ്ങളിൽ കേരളത്തിനുവേണ്ടി അങ്ങ് സൂചിപ്പിച്ചതുപോലെ ഒരു പ്രത്യേക സോൺ അനുവദിക്കുന്നതുവരെ സംസ്ഥാന ഗവൺമെന്റിന് സ്വന്തമായി ഒരു പദ്ധതി ആവിഷ്കരിച്ച് ഇത്തരം ഘട്ടങ്ങളിൽ ഇൻഷ്വറൻസ് തുക കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർ, മെമ്പർ ചോദിച്ച ചോദ്യത്തിന് ഉത്തരം പറഞ്ഞത് നെല്ലിന്റെ കാര്യത്തിലാണ്. നെല്ലിന്റെ കാര്യത്തിൽ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഒരു വലിയ പ്രശ്നമെന്താണെന്നുവച്ചാൽ അതൊരു ഇന്ത്യൻ കാഴ്ചപ്പാടിൽ കാണുന്നതുകൊണ്ട് ഒരു ബ്ലോക്കിൽ മുഴുവൻ നഷ്ടം വന്നാൽ മാത്രമേ ക്ലെയിം കൊടുക്കാൻ പറ്റുകയുള്ളൂ. കേരളത്തിന്റെ കാര്യത്തിൽ ഒരു പഞ്ചായത്തെന്ന് അവർ അംഗീകരിച്ചിട്ടുണ്ട്. പക്ഷേ നമുക്ക് അതും പ്രശ്നമാണ്. കേരളത്തിൽ ഒരു പഞ്ചായത്തിനകത്ത് മൊത്തം നാശം വരണമെന്നില്ല. നാശം വന്നില്ലെങ്കിൽ നമുക്ക് ക്ലെയിം അംഗീകരിച്ച് കിട്ടുകയില്ല. നെല്ലിന്റെ കാര്യത്തിൽ ഒരു പാടശേഖരത്തിൽ ഒരു ഹെക്ടറിൽ നഷ്ടം വന്നാൽ പോലും

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാവുന്ന തരത്തിലാണ് കേരളത്തിൽ നെല്ലിന്റെ ഇൻഷ്വറൻസ് കൊണ്ടു വന്നിട്ടുള്ളത്. റബ്ബറിന്റെ കാര്യത്തിൽ ഒരു മരമൊടിഞ്ഞാൽപോലും കേരളത്തിൽ ഇൻഷ്വർ ചെയ്താൽ സംസ്ഥാന ഇൻഷ്വറൻസ് പദ്ധതിയിൽ നഷ്ടം കിട്ടും. പക്ഷേ നമുക്ക് അവരുമായി കാലാവസ്ഥാധിഷ്ടിത ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി ചോദിക്കേണ്ട ഒരു കാര്യം എല്ലാവരുംകൂടി സമ്മർദ്ദം ചെലുത്തി അംഗീകരിച്ച് കിട്ടേണ്ടതാണ്. ഒരുപാട് weather സ്റ്റേഷനിൽ പ്രത്യേകമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയാൽ നമുക്ക് അതുകൊണ്ട് ഗുണം കിട്ടും.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, വാണിജ്യ വിളകൾക്ക് ഈ ബഡ്ജറ്റിൽ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്. വളരെ സ്വാഗതാർഹമാണ്. കൃഷിക്കാർ മുഴുവൻ അതിനെ സ്വാഗതം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ എല്ലാതരം സെൻസസ്സും നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുകയാണ്. കാർഷിക സെൻസസ്സും നടക്കുന്നുണ്ട്. അതിൽ കഞ്ചാവിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തെങ്ങ്, റബ്ബർ, കാപ്പി, കുരുമുളക് അടക്കമുള്ള എല്ലാ വാണിജ്യ വിളകളേയും അതിനകത്തുനിന്ന് ഒഴിവാക്കിയിട്ടുണ്ട്. .....(ബഹളം)..... കഞ്ചാവ് ഉണ്ട്. കഞ്ചാവിനെപ്പറ്റി സെൻസസ്സ് ഉണ്ട്. എന്നാൽ നമ്മുടെ വാണിജ്യ വിളകളടക്കം, റബ്ബർ, തെങ്ങ് അടക്കം ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, പൊതുവായി കേരളത്തിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും കേന്ദ്രത്തിന്റെ മുമ്പിൽ ഉന്നയിച്ച ഒരു വിഷയമാണിത്. അതായത് നമ്മുടെ കാർഷിക സെൻസസ്സ് എടുക്കുമ്പോൾ കേരളത്തിലെ പ്രധാനപ്പെട്ട വിളകളായ റബ്ബറും തെങ്ങുമെല്ലാം വന്നില്ലായെങ്കിൽ ഭാവിയിൽ നമുക്ക് കാർഷിക ലോൺ ഉൾപ്പെടെ അനുവദിക്കില്ല. ഇതെല്ലാം കാർഷിക ലോൺ എന്ന നിലയിലാണ്. ആസിയാൻ കരാർ വന്നാലും ഏതുവന്നാലും നമ്മൾ ആനുകൂല്യം ആവശ്യപ്പെടുന്നത്. കാർഷിക സെൻസസ്സിൽ ഇത് പെട്ടില്ലായെങ്കിൽ നമുക്ക് ഭാവിയിൽ ഒരുപാട് പ്രതിസന്ധികൾ ഇത് മുഖാന്തരം വരാൻ സാധ്യതയുണ്ട്. അതുകൊണ്ട് തെങ്ങിനേയും റബ്ബറിനേയും വിട്ടുപോയ മറ്റ് വിളകളെയും കേരളത്തിലെ പ്രധാനപ്പെട്ട കാർഷിക സെൻസസ്സിൽ ഉൾപ്പെടുത്തുന്നതിനുള്ള പൊതുവായ ആവശ്യം കേരളാ ഗവൺമെന്റ് ഉന്നയിച്ചിട്ടുണ്ട്. പൊതുവായ ആവശ്യം ഇനിയും ഉന്നയിക്കണം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, വിള ഇൻഷ്വറൻസിന്റെ നേട്ടങ്ങളെല്ലാം പറയുമ്പോഴും മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യമാണ്, കേരളത്തിലെ കൃഷിക്കാരിൽ ഒരു ചെറിയ ശതമാനത്തിനുമാത്രമാണ് ഇപ്പോഴും വിള ഇൻഷ്വറൻസിൽ പങ്കാളിത്തമുള്ളത് എന്ന കാര്യം. അത് പദ്ധതിക്ക് പ്രചാരമില്ലാത്തതു കൊണ്ടാണോയെന്ന് അറിയില്ല. ഇന്ന് കൃഷിനാശമുണ്ടായിക്കഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട കൃഷിക്കാർ ആരും ഇൻഷ്വറൻസിൽപ്പെട്ടവരല്ല. എന്തുകൊണ്ടാണ് ഇത്രയും വലിയ ഒരു സമഗ്രമായ പദ്ധതിയുണ്ടായിട്ടും കൃഷിക്കാർ ഈ പദ്ധതിയിൽ ചേരാതെ പോകുന്നത്? കേരളത്തിലെ മുഴുവൻ കൃഷിക്കാർക്കും ഇൻഷ്വറൻസ്

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യം ലഭിക്കുന്ന രീതിയിൽ, പ്രകൃതി ക്ഷോഭത്തിന് കേരളത്തിന് ലഭിക്കുന്ന കേന്ദ്ര സഹായം പ്രീമിയമായി മാറ്റിവച്ചുകൊണ്ട് കൃഷിക്കാരിൽനിന്ന് തുക ഈടാക്കാതെ അവർക്ക് ഈ ഇൻഷ്വറൻസ് കൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ ആലോചിക്കാമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇത് ഒരിക്കൽ ആലോചിച്ചതാണ്. പക്ഷേ കേന്ദ്രത്തിൽനിന്നും കിട്ടുന്ന സി.ആർ.എഫ്.ഫണ്ടിനെ ഇതിൽപ്പെടുത്തുക എന്നു പറയുന്നതിൽ നിയമപരമായ പ്രശ്നമുണ്ട്. എന്നാൽ നമ്മുടെ നെൽക്കൃഷി പോലെയുള്ള പ്രധാനപ്പെട്ട കൃഷികൾ നമ്മുടെ പഞ്ചായത്തുകൾ സഹകരിച്ചാൽ പഞ്ചായത്തിന്റെ കാർഷിക ഫണ്ടുമായി ബന്ധപ്പെടുത്തി..... പക്ഷേ അതിന് ഒരു ഓർഡർ വേണ്ടിവരും. അത് ആലോചിച്ചതാണ്. അത് നമുക്ക് ഒരു നിർദ്ദേശം പോലെ പരിഗണിച്ച് മുന്നോട്ടുപോകാം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇടുക്കി ജില്ലയിൽ ഏറ്റവും പ്രധാനമായ കൃഷിയെന്ന് പറയുന്നത് ഏലവും കുരുമുളകും കാപ്പിയുമാണ്. അവിടെ ഇപ്പോൾ ചെകുത്താൻ മലയിൽ മഞ്ഞുവീഴ്ചയുണ്ടായി കൃഷി നശിച്ച് ഏലം പൂർണ്ണമായി നശിച്ചുപോയി. ഒന്നര രൂപ വീതമാണ് ഒരു ഏലത്തൈയ്ക്ക് ഇപ്പോൾ നഷ്ടപരിഹാരമായി കൊടുത്തിരിക്കുന്നത്. അപ്പോൾ ഇതിന്റെ പരിരക്ഷയിൽ വരാനുള്ള നടപടികൾ എങ്ങനെയാണ് സ്വീകരിച്ചിട്ടുള്ളത്; അതോടൊപ്പം ഗവൺമെന്റ് ചെകുത്താൻ മലയ്ക്ക് പ്രത്യേകമായി കൊടുക്കുമെന്ന് തീരുമാനിച്ചിരുന്ന ഫണ്ട് കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, സാധാരണഗതിയിൽ ഇന്ത്യയിലൊട്ടാകെ നഷ്ടപരിഹാരം നൽകുന്നതിന് ഒരു നോംസ് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ചാണ് ഒന്നര രൂപയെന്ന് പറയുന്നത്. അതിനപ്പുറത്തേക്ക് വർദ്ധിപ്പിക്കണമെന്ന കേരളത്തിന്റെ ആവശ്യം, ചില കാര്യങ്ങളിൽ അല്ലുമിച്ചാലും വീട് നഷ്ടപ്പെട്ടാലുമൊക്കെ അംഗീകരിച്ചിട്ടുണ്ടെങ്കിലും മറ്റുചില കാര്യങ്ങളിൽ ഈ വിളയുടെ കാര്യത്തിൽ അംഗീകരിച്ചിട്ടില്ല. അവിടെയുണ്ടായ പ്രത്യേക നഷ്ടത്തിന്റെ കാര്യത്തിൽ റവന്യൂ വകുപ്പും കൃഷി വകുപ്പുമായി ചർച്ച നടത്തി തീരുമാനിച്ചിട്ടുണ്ട്. എനിക്ക് തോന്നുന്നു പെട്ടെന്ന് ആ തുക കളക്ടറേറ്റിലേയ്ക്ക് കൈമാറുന്നതാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ശ്രീമതി പി. അയിഷാ പോറ്റിയുടെ ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കിയത് കീടനാശിനികൾക്കുണ്ടാകുന്ന നാശങ്ങൾക്ക് ഇൻഷ്വറൻസ് പരിധിയിൽപ്പെടുന്നില്ല എന്നാണ്. കീടനാശിനികൾ ഒരു വിളയ്ക്ക് മാത്രമല്ല ഉപദ്രവമുണ്ടാക്കുന്നത്. മിത്രകീടങ്ങൾ നശിക്കുന്നു. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. സർവ്വജീവ ജാലങ്ങൾക്കും വിഷമമുണ്ടാക്കുന്നു. എൻഡോസൾഫാന്റെ കാര്യം നമുക്ക് അറിയാമല്ലോ. അപ്പോൾ അതുകൊണ്ട് ഏതൊക്കെ കീടനാശിനികളാണ് മാരകമായതെന്നു കണ്ടെത്തി അത് നിരോധിക്കാനും കീടനാശിനികൾ കൊണ്ടുണ്ടായ നാശനഷ്ടങ്ങൾ തിരുത്താനും അല്ലെങ്കിൽ ഘടനകളൊക്കെ മാറ്റാനും എന്തെങ്കിലും സഹായം നൽകാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എൻഡോസൾഫാന്റെ കാര്യത്തിൽ കൃഷി വകുപ്പല്ല ഗവൺമെന്റുതന്നെ അതിനൊരു നഷ്ടപരിഹാരം ഉൾപ്പെടെയുള്ള പാക്കേജ്, പ്രഖ്യാപിച്ചിട്ടുണ്ട്. കേരളം ഒരു ഓർഗാനിക് പോളിസി പ്രഖ്യാപിച്ച സാഹചര്യത്തിൽ കേരളത്തിൽ റെഡ് ലേബലുള്ളതും യെല്ലോ ലേബലുള്ളതുമായ കീടനാശിനികൾ, പ്രത്യേകിച്ച് ഭക്ഷ്യോൽപ്പാദന മേഖലകളിൽ ആദ്യം ഉപയോഗിക്കേണ്ടായെന്ന് തീരുമാനിച്ച ജില്ല കാസർഗോഡാണ്. ഇപ്പോൾ തീരുമാനിക്കാൻ പോകുന്ന ജില്ല വയനാടും ചില ഭക്ഷ്യോൽപ്പാദന, നെല്ലുൽപ്പാദന മേഖലകളിലുമാണ്. മാത്രമല്ല ഇത്തവണ തയ്യാറാക്കുന്ന പാക്കേജ് ഓഫ് പ്രാക്ടീസ് യൂണിവേഴ്സിറ്റി തയ്യാറാക്കി ഡിപ്പാർട്ടുമെന്റ് അംഗീകരിക്കുകയാണ്. സാധാരണ അതിനെക്കുറിച്ച് വലിയ ചർച്ച നടക്കാറില്ല. പക്ഷേ ഇത്തവണ ഗവൺമെന്റുതന്നെ ഇടപെട്ട് ചില മാരകമായ കീടനാശിനികൾ ഒഴിവാക്കാനും പകരം ജൈവ കീടനാശിനികൾ നിർദ്ദേശിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. തോമസ് ചാണ്ടി: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ കർഷകൻ റിസ്ക് എടുത്ത് കൃഷി ചെയ്യുന്ന ഒരു പ്രദേശമാണ് കുട്ടനാട്. എനിക്കറിയാവുന്ന പത്തുപന്ത്രണ്ട് പാടശേഖരങ്ങൾ ഇപ്പോൾ മടവീണുപോയിട്ടുണ്ട്. സർക്കാർ ഒരു ധനസഹായവും കൊടുത്തിട്ടില്ല. ഇൻഷ്വറൻസുമൊന്നും കിട്ടിയിട്ടില്ല. കഴിഞ്ഞ പേമാരി പെയ്തപ്പോൾ വിളഞ്ഞുകിടന്ന അനേകം ഏക്കറുകളിലെ കൃഷി നഷ്ടപ്പെട്ടുപോയി. അതുകൊണ്ട് അങ്ങ് ഒരു കാര്യം ചെയ്താൽമതി. ഇതിന്റെ പ്രധാന പ്രശ്നം ഞാൻ മനസ്സിലാക്കുന്നത്, ഇൻഷ്വറൻസുകാർവന്ന് ഇത് കാണുന്നില്ല എന്നുള്ളതാണ്. കൃഷി വകുപ്പുതന്നെ ഇതിനൊരു സംവിധാനം ഏർപ്പെടുത്തണം. കർഷകരിൽനിന്ന് രജിസ്റ്റർ ചെയ്താൽ ഇൻഷ്വറൻസുകാരെ കൂട്ടിക്കൊണ്ട് പാടശേഖരങ്ങളിൽപ്പോയി നോക്കി assess ചെയ്ത് പോകുന്ന ഒരു സിസ്റ്റം. ആ ഒരു കോ-ഓർഡിനേഷൻ അങ്ങ് മുൻകൈയെടുക്കുമോ; ഒരു ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഈ പറയുന്നത് കേന്ദ്ര വിള ഇൻഷ്വറൻസിന്റെ കാര്യമാണ്. അത് നേരത്തെ ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞതു പോലെ .....(ബഹളം)..... ഞാൻ പറഞ്ഞുവരട്ടെ. അതിന് ഇന്നലെ ബഹുമാനപ്പെട്ട മെമ്പറുമുണ്ടായിരുന്നു, അവിടെയൊരു യോഗം ചേർന്നപ്പോൾ പുളിങ്കുന്ന് പ്രദേശത്ത് ഇങ്ങനെ ആ ഇൻഷ്വറൻസ് കിട്ടിയില്ലായെന്ന് പറഞ്ഞു. സംസ്ഥാന ഇൻഷ്വറൻസിൽ ഇൻഷ്വർ ചെയ്തവർക്ക് 12,500 രൂപ കിട്ടിയെന്ന് അവർതന്നെ പറഞ്ഞു. സംസ്ഥാന ഇൻഷ്വറൻസിൽ ഇൻഷ്വർ ചെയ്യപ്പെടാതിരുന്നവർക്ക് അത് കിട്ടിയില്ല. അപ്പോൾ അവിടെ നിർദ്ദേശിച്ച കാര്യമെന്താണെന്നുവച്ചാൽ, ഓരോ ഹെക്ടർ കൃഷി ചെയ്യുമ്പോഴും എല്ലാവരും 100 രൂപയടച്ച് സംസ്ഥാന ഇൻഷ്വറൻസിൽ ഇൻഷ്വർ ചെയ്യണമെന്നതാണ്. അതനുസരിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികൾ വഴിയും കൃഷി ഭവൻവഴിയും നിർദ്ദേശം കൊടുത്തിട്ടുണ്ട്. പഞ്ചായത്തും ബന്ധപ്പെട്ടവരും നിർദ്ദേശിക്കുക, എല്ലാവരേയും ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവരിക എന്നതാണ് ഇതിനുള്ള പരിഹാരമാർഗം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇതിൽ പ്രധാനപ്പെട്ട ഒരു പ്രശ്നമുണ്ട്. ഒരു ഗവൺമെന്റിന് രണ്ട് പോളിസി സാദ്ധ്യമല്ല. ബഡ്ജറ്റ് പ്രസംഗത്തിനകത്ത് കേരളത്തിൽ ജനിക്കുന്ന ഏത് കുട്ടിക്കും 10,000 രൂപ കൊടുക്കുമെന്ന് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ട് ആ പുസ്തകം അടച്ചിട്ടില്ല. ഇവിടെ കേരളത്തിൽ കൃഷി ചെയ്യുന്ന എല്ലാ കർഷകനും ഇൻഷ്വറൻസ് എർപ്പെടുത്തുന്നതിനെക്കുറിച്ച് ഈ ഗവൺമെന്റ് അതേ പോളിസിയുടെ ഒരു എക്സ്റ്റെൻഷൻ എന്നുള്ള നിലയിൽ എടുക്കേണ്ടതല്ലേ. ബി.ടി. ഉൽപ്പന്നങ്ങളെ കുറിച്ച് ഈ ഗവൺമെന്റിന്റെ നയം എന്താണ്? ഇത് രണ്ടും വെളിപ്പെടുത്താമോ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഒന്ന് ഇതുവരെയുള്ള ഏത് ഇൻഷ്വറൻസും ഒരു പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് നിൽക്കുന്നത്. ചെറിയ പ്രീമിയമാണ് അത്. വലിയ പ്രീമിയമല്ല. ഈ നിർദ്ദേശങ്ങളൊക്കെ ഭാവിയിൽ നമുക്ക് എല്ലാ കൃഷികൾക്കുമല്ല, നെൽകൃഷി പോലുള്ള കൃഷികൾക്ക് പരിഗണിക്കാവുന്ന നിർദ്ദേശമാണ്. ബി.ടിയുടെ കാര്യത്തിൽ ഒറ്റ കാര്യമേയുള്ളൂ. കേരളത്തിന്റെ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾക്ക് പ്രത്യാഘാതമുണ്ടാകുന്ന ഒന്നും പ്രത്യാഘാതമുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കുംവരെ കേരളത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, വട്ടവട, ദേവികുളം, മൂന്നാർ മേഖലയിൽ പച്ചക്കറി കൃഷിയും, മറയൂർ, കാന്തല്ലൂർ പ്രദേശത്ത് കരിമ്പ് കൃഷിയുമാണ് പ്രധാനം. ഈ പ്രദേശത്തെ കാലവർഷക്കെടുതി കൊണ്ട് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇപ്പോൾ നൽകിവരുന്ന തുകകൊണ്ട് പരിഹാരം കാണാൻ കഴിയുന്നില്ല. ഗവൺമെന്റ് ഇതിനുവേണ്ടി പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ? വേണ്ട സഹായം ചെയ്യുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ചില മേഖലകളിൽ കേരളത്തിൽ അധികമായ നാശനഷ്ടങ്ങൾ ഈ പുതിയ കാലാവസ്ഥാ വ്യതിയാനത്തിന്റെ കാലത്ത് ഉണ്ടാകുന്നുവെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഏതൊക്കെ സോണിലാണ്, എത്രത്തോളമാണ് എന്നതിനെക്കുറിച്ച് പഠിച്ചതിന് ശേഷം അതിനെക്കുറിച്ച് ഗവൺമെന്റ് തീരുമാനം കൈക്കൊള്ളും.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, കാലാവസ്ഥ വ്യതിയാനം നമ്മുടെ കാർഷികമേഖലയെ നേരിട്ട് ബാധിക്കുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കുന്നത് നമ്മുടെ അപ്പർകുട്ടനാട്ടിലും, കുട്ടനാട്ടിലുമൊക്കെ പാടശേഖരങ്ങളിൽ വേനൽ മഴമൂലമുണ്ടായ കൃഷിനാശം നിമിത്തമാണ്. ഈ കാലാവസ്ഥാ വ്യതിയാനമെന്ന് പറയുമ്പോൾ, കേന്ദ്ര ഗവൺമെന്റ് ഈ കാര്യത്തിൽ ഒരു വിള ഇൻഷ്വറൻസ് ഏർപ്പെടുത്തി. സംസ്ഥാന ഗവൺമെന്റിനും ഇൻഷ്വറൻസ് ഉണ്ട്. അതിനെ സംബന്ധിച്ച് കൃഷിക്കാരിൽ ഒരു അവബോധം ഉണ്ടാക്കുന്നതിനും കൃഷിക്കാരിലേക്ക് ഇൻഷ്വറൻസിന്റെ പ്രയോജനം എത്തിക്കുന്നതിനുംവേണ്ട നടപടി സംസ്ഥാന സർക്കാർ പ്രത്യേകം ആവിഷ്കരിച്ച് നടപ്പാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, കുട്ടനാട് ഭാഗങ്ങളിലും തൃശ്ശൂർ കോൾ മേഖലയിലുമാണ് ഇൻഷ്വറൻസ് മേഖലയുമായി ബന്ധപ്പെട്ട അവബോധം വന്നിട്ടുള്ളതും ധാരാളമായി കർഷകർ ഇൻഷ്വറൻസ് സംരക്ഷണയിൽ വന്നിട്ടുള്ളതും. അതിന്റെ ആനുകൂല്യം കഴിഞ്ഞ മഴക്കാലത്ത് കിട്ടിയിട്ടുള്ളതാണ്. അത് ബന്ധപ്പെട്ട എല്ലാവർക്കും കൂടി ഒരു അവബോധ പരിപാടിയായി തന്നെ നടപ്പാക്കും.

ശ്രീ. ബാബു പോൾ : സർ, ആഗോളതാപനത്തെ തുടർന്ന് കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനം നമ്മുടെ കാർഷിക മേഖലയെ വളരെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് മന്ത്രിയും മറ്റ് അംഗങ്ങളുമെല്ലാം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ കാലാവസ്ഥ വ്യതിയാനത്തിന് അനുസൃതമായി കാർഷിക കലണ്ടറിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിൽ പഠനം നടത്തുകയോ കാർഷിക കലണ്ടർ അതിന് അനുയോജ്യമായ തരത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത നമ്മുടെ കാർഷിക കലണ്ടർ നമുക്ക് തയ്യാറാക്കാൻ കഴിയുന്നില്ല എന്നതാണ്. കാരണം ജൂൺ 1-ന് മഴ പെയ്യും എന്ന മട്ടിലാണ് നമ്മൾ കാർഷിക കലണ്ടർ തയ്യാറാക്കുന്നത്. ഇപ്പോൾ മഴ എപ്പോൾ പെയ്യുമെന്നും മഴ എപ്പോൾ പെയ്തില്ലായെന്നും നമുക്ക് പറയാൻ കഴിയാത്ത സമയത്ത് ഒരു കാർഷിക കലണ്ടർ തയ്യാറാക്കുന്നത് പ്രയോജനപ്പെടുകയില്ല. അതുകൊണ്ടാണ് കുട്ടനാട്ടിൽ ഒരുമിച്ച് കൃഷി ചെയ്യേണ്ടിവരുന്നത്. വേറെ ഒരു കാര്യം കൂടി ഇതുമായി ബന്ധപ്പെട്ട് പറയാനുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിനോട്, പ്രത്യേകിച്ച് ഐ.സി.ആർ.-നോട്, കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചപ്പോൾ ഐ.സി.ആർ.-ന് കൊടുക്കാൻ അന്ന് യൂണിവേഴ്സിറ്റി വഴി പറഞ്ഞതാണ്. മൺസൂണിന്റെ എന്ററി പോയിന്റ് കേരളമാണ്. അതുകൊണ്ട് ഈ മൺസൂൺ താമസിച്ചാൽ ഇന്ത്യയിലാകെ മൺസൂണിന്റെ പ്രത്യാഘാതം ഉണ്ടാകും. അതുകൊണ്ട് ഇന്ത്യയിൽ ആദ്യത്തെ മൺസൂണുമായി ബന്ധപ്പെട്ട കാലാവസ്ഥാ പഠനകേന്ദ്രം കേരളത്തിൽ വേണമെന്ന്, യുക്തമായ ഒരു സ്പോട്ടിൽ വേണമെന്ന് കേരളം ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ആ ആവശ്യത്തിന്റെ പുറത്താണ് ഈ ബഡ്ജറ്റിൽ കേരള ഗവൺമെന്റ് മൂന്ന് കോടി രൂപ വച്ചിട്ടുള്ളത്. എന്തായിരുന്നാലും അത് കേരളത്തിന് ആവശ്യം ഉണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, കാർഷിക മേഖലയിൽ ഇൻഷ്വറൻസ് അടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും അർഹരായ മുഴുവൻ കർഷകർക്കും ഇതുവരെ ലഭിച്ചിട്ടില്ല എന്നത് ഒരു സത്യമാണ്. ഏത് ഗവൺമെന്റുകൾ മാറിവന്നാലും നമ്മുടെ കൃഷി ഓഫീസുകൾ കേന്ദ്രീകരിച്ചു കൊണ്ട് ചില സ്ഥിരംപറ്റുകാരായ കുറേ കർഷകരുണ്ട്. ആ കർഷകരും കൃഷി ഓഫീസറും തമ്മിലുള്ള ഒരു ബന്ധവും അവരുണ്ടാക്കുന്ന രജിസ്റ്ററുമാണ് ഈ ആനുകൂല്യങ്ങൾ മുഴുവൻ കൊടുക്കുന്നത്. അതിനപ്പുറം എല്ലാ വീടുകളിലും

ഒരു കർഷകന് കിട്ടേണ്ട ആനുകൂല്യങ്ങളുടെ സന്ദേശം എത്തിക്കുന്നതിന് സർക്കാർ എന്ത് പദ്ധതികളാണ് ആവിഷ്കരിച്ചത്? ഓരോ പഞ്ചായത്തിന് കീഴിലുള്ള മുഴുവൻ കർഷകരുടെയും, കാർഷികരംഗത്തുള്ള അവരുടെ കൃത്യമായ രീതികളെക്കുറിച്ചും, കർഷകർ ആരാണ് എന്നതിനെ കുറിച്ചുമുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, ഒരു ആരോപണം പോലെ, കേരളത്തിലെ ഏറ്റവും ദരിദ്രനായ കർഷകന്റെ പേരിൽ ഉന്നയിക്കുന്നത് ശരിയല്ല. ചിലപ്പോൾ ചിലയിടത്ത് ചില കുറവുകളൊക്കെ സംഭവിക്കാം. പക്ഷേ ആരോപണം പോലെ ഉന്നയിക്കുന്നത് ശരിയല്ല. കാരണം കേരളത്തിലെ ഒരു കർഷകനും കേരളത്തിലെ മറ്റേതെങ്കിലും വിഭാഗത്തിൽ ജോലി ചെയ്യുന്ന മനുഷ്യരെ പോലെ കാർഷിക വൃത്തികൊണ്ട് കോടീശ്വരനായ ഒരാളുടെ പേരും നമുക്ക് പറയാനൊക്കുകയില്ല. അതുകൊണ്ട് ഈ പറയുന്നത് ശരിയാണ്. നമ്മുടെ കൃഷിയുടെ പ്രത്യേകത, കാർഷിക രീതി, എല്ലാവരെയും ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള ഒരു അവബോധം, ഇത് പൊതുവായി ഗവൺമെന്റും ജനപ്രതിനിധികളും പൊതുസമൂഹവും കർഷക സംഘടനകളുമെല്ലാം ചേർന്ന് നടപ്പാക്കണം.

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, വിള നശിക്കുന്നവർക്ക് ഇൻഷ്വറൻസ് തുകയും നഷ്ടപരിഹാരവും കൊടുക്കുന്ന പദ്ധതി അങ്ങേയറ്റം പ്രശംസനീയമാണ്. എന്നാൽ വിള നശിക്കുന്നതിനുമുമ്പ് മുൻകരുതലെടുക്കാൻ ഗവൺമെന്റ് നടപടിയുണ്ടാകണം. ഇപ്പോൾ മൂഴിയാർ പെൻസ്റ്റോക്കിൽ അറ്റകുറ്റപ്പണി നടക്കുന്നതുമൂലം വിഐപി കനാലിലൂടെ വെള്ളം തുറന്നുവിടാൻ കഴിയാത്തതുമൂലം ഒരു പ്രദേശത്തെ മുഴുവൻ നെൽകൃഷിയും നശിക്കാൻ പോകുന്നുവെന്ന വാർത്ത ഭീതിജനകമായി നിൽക്കുകയാണ്. അവിടെ അടിയന്തിരമായി ഇടപെടുകയും വൈദ്യുതി ബോർഡും ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് ഉണങ്ങാൻ പോകുന്ന നെൽപ്പാടങ്ങളിൽ വെള്ളം എത്തിക്കാനുമുള്ള അടിയന്തിരനടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, ബന്ധപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽ ഈ പ്രശ്നം കൊണ്ടുവരുന്നതാണ്. ഏറ്റവും വേഗത്തിൽ പരിഹാരം കാണാൻ അവരുമായി ചർച്ച നടത്തുന്നതാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ഇവിടെ ഉന്നയിച്ച ഒരു പ്രധാനപ്പെട്ട വിഷയം ഒരു പഞ്ചായത്ത് മുഴുവനായി, ചിലപ്പോൾ കർഷകർക്ക് നാശം ഉണ്ടാകുന്നില്ല. കാറ്റ് വന്നുകഴിഞ്ഞാൽ ഏറ്റവും കൂടുതൽ ബാധിക്കുന്നത് റബ്ബർ കർഷകരെയാണ്. ചില മേഖലകളിൽ മാത്രം വീശിയടിക്കുന്ന ആ കാറ്റ് പോകുന്ന വഴിയിലുള്ള മരങ്ങൾ മാത്രം ഒടിഞ്ഞുവീഴുക എന്നുള്ളതാണ് സാധാരണഗതിയിൽ ഉണ്ടാകുന്നത്. പലപ്പോഴും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് റബ്ബർ കൃഷി നടത്തുന്ന ആളുകൾ ഇൻഷർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ആളുകൾ ഇൻഷർ ചെയ്തിട്ടില്ല. എന്റെ നിയോജക മണ്ഡലത്തിൽ ഓമല്ലൂർ, ചെന്നീർക്കര എന്നീ പഞ്ചായത്തുകളിൽ ആറ് മാസങ്ങൾക്ക് മുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

വ്യാപകമായി വീശിയടിച്ച കാറ്റുമൂലം അനേകം റബ്ബർ മരങ്ങൾ നഷ്ടപ്പെടുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇവിടെയൊന്നും ഒരു കർഷകനും ഇൻഷ്വർ ചെയ്തിരുന്നില്ല. അവർക്കൊന്നും ആനുകൂല്യങ്ങളും ലഭിച്ചില്ല. ഇതിന് ഒരു പരിഹാരമായി വ്യാപകമായി ഈ കാര്യത്തെ സംബന്ധിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടിയെടുക്കാൻ കഴിയുമോ? ഇതിന് എത്ര ധനസഹായമാണ് ലഭിക്കുക?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഇവിടെ പത്തനംതിട്ട ജില്ലയിൽ തന്നെ ഇൻഷ്വർ ചെയ്ത കർഷകരും ഇൻഷ്വർ ചെയ്യാത്ത കർഷകരും ഉണ്ട്. ഞാൻ അടൂർ മേഖലയിൽ പോയപ്പോൾ ആ കാലത്ത് ഇൻഷ്വർ ചെയ്തവർക്ക് 500 രൂപ നഷ്ടപരിഹാരം കിട്ടി. ഇൻഷ്വർ ചെയ്യാത്തവർക്ക് കിട്ടിയില്ല. അതിന് ഒറ്റ മാർഗ്ഗമേയുള്ളു. രണ്ട് രൂപ മാത്രമേ ഇൻഷ്വറൻസ് പ്രീമിയം ഉള്ളൂ. കർഷകരെ മുഴുവൻ അതിൽ കൊണ്ടുവരാനുള്ള ഒരു അവബോധം സൃഷ്ടിക്കുക എന്നത് മാത്രമാണ് നമ്മുടെ മുമ്പിലുള്ള പരിപാടി.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, വിള ഇൻഷ്വറൻസിൽ കൃഷിക്കാർക്ക് ഏറ്റവും ആശ്വാസകരമായ ഒരു കാര്യമാണ് സംസ്ഥാന ഗവൺമെന്റ് ചെയ്യുന്നത്. ഭക്ഷ്യസുരക്ഷാ പദ്ധതിയനുസരിച്ച് മണലൂർ, കുന്നംകുളം നിയോജകമണ്ഡലങ്ങളിൽ ഇരുപ്പു കൃഷി വ്യാപകമായി ഇറക്കിയിരുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കൃഷി പൂർണ്ണമായും നശിച്ചു. കൃഷി പൂർണ്ണമായും നശിച്ച നാല് കോൾപ്പടവിൽ മൂന്ന് കോൾപ്പടവിനും വിള ഇൻഷ്വറൻസ് നൽകി. അങ്ങ് തന്നെയാണ് വന്ന് നേരിട്ട് അത് കൊടുത്തത്. ആ മൂന്ന് പടവിനെക്കാളും കൂടുതൽ നാശം വന്നതാണ് തിരുത്തുക്കടവ് കോൾപ്പടവ് പദ്ധതി. അവർ അപേക്ഷ തന്നിരുന്നു. അവർക്ക് നയാപൈസ പോലും കിട്ടിയില്ല.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഇൻഷ്വറൻസ് പരിരക്ഷയിൽ വരാത്തതാണോ മറ്റേതെങ്കിലും കാരണമാണോ എന്ന് അറിയില്ല. ഇൻഷ്വറൻസ് ഉണ്ടെങ്കിൽ തീർച്ചയായിട്ടും അത് പരിശോധിച്ച് പരിഹാരം കാണും.

മി.സ്പീക്കർ: ചോദ്യം നമ്പർ: 122

കയർ മേഖലയുടെ ആധുനികവൽക്കരണം

2 (*122) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. ബി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കയറുല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

[16-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*121)-ന്റെ ഉത്തരം കാണുക]

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

നമ്പർ	വിളകൾ	ഇൻഷർ ചെയ്യാൻ വേണ്ട വിളകളുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം	വിള ഇൻഷർ ചെയ്യാൻ വേണ്ട പ്രായം	അടയ്ക്കേണ്ട പ്രീമിയം	നഷ്ടപരിഹാര തോത്
(1)	(2)	(3)	(4)	(5)	(6)
1	തെങ്ങ്	10 എണ്ണം	ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേരമെങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ	തെങ്ങൊന്നിന് 2 രൂപ ഒരു വർഷത്തേക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് 5 രൂപ	തെങ്ങൊന്നിന് 1000 രൂപ
2	കമുക്	10 മരങ്ങൾ	കായ്ഫലമുള്ളത്	ഒരു മരത്തിന് ഒരു വർഷത്തേക്ക് 1 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് 2 രൂപ	ഒരു മരത്തിന് 100 രൂപ
3	റബ്ബർ	25 എണ്ണം	കറയെടുക്കുന്ന മരങ്ങൾ	ഒരു മരത്തിന് 1 വർഷത്തേക്ക് 2 രൂപ 3 വർഷം ഒന്നിച്ചടച്ചാൽ മരമൊന്നിന് 5 രൂപ	ഒരു മരത്തിന് 500 രൂപ

(1)	(2)	(3)	(4)	(5)	(6)
4	കശുമാവ്	5 മരങ്ങൾ	കായ്ഫലമുള്ളത്	ഒരു മരത്തിന് 1 വർഷത്തേക്ക് 2 രൂപ 3 രൂപ 5 വർഷത്തേക്ക്	ഒരു മരത്തിന് 200 രൂപ
5	വാഴ	10 എണ്ണം	നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ	ഒരു വാഴയ്ക്ക് 2 രൂപ	കുലയ്ക്കാത്തിന് 20 രൂപ കുലച്ചതിന് 50 രൂപ
6	മരച്ചീനി	0.02 ഹെക്ടർ	നട്ട് കഴിഞ്ഞ് ഒരു മാസത്തിന് ശേഷവും ആറുമാസത്തിനകവും	0.02 ഹെക്ടറിന് 2 രൂപ	0.02 ഹെക്ടറിന് 100 രൂപ (ഹെക്ടറൊന്നിന് 5000 രൂപ)
7	കൈതച്ചക്ക	0.02 ഹെക്ടർ	നട്ട് കഴിഞ്ഞ് ഒരു മാസത്തിന് ശേഷവും ആറുമാസത്തിനകവും	0.02 ഹെക്ടറിന് 25 രൂപ	0.02 ഹെക്ടറിന് 500 രൂപ (ഹെക്ടറൊന്നിന് 25,000 രൂപ)
8	കുരുമുളക്	15 താങ്ങു മരങ്ങളിൽ ഉള്ളവ	കായ്ച്ച് തുടങ്ങിയവ	ഒരു താങ്ങു മരത്തിലുള്ളതിന് ഒരു വർഷത്തേക്ക് ഒരു രൂപ മൂന്ന് വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2 രൂപ	ഓരോ താങ്ങു മരത്തിലും ഉള്ളതിന് 40 രൂപ വീതം

LIBRARY, ARCHIVES, Kerala Legislative Assembly

Page 15

LIBRARY ARCHIVES Kerala Legislative Assembly

9	ഏലം	1 ഹെക്ടർ	കായ്ഫലമുള്ളത്	1 വർഷത്തേക്ക് ഹെക്ടറിന് 1000 രൂപ മൂന്ന് വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2500 രൂപ	ഹെക്ടറൊന്നിന് 3000 രൂപ
10	ഇഞ്ചി	0.02 ഹെക്ടർ	നട്ട് ഒരു മാസം കഴിഞ്ഞ് 5 മാസം വരെ	0.02 ഹെക്ടറിന് 10 രൂപ	0.02 ഹെക്ടറിന് 800 രൂപ (ഹെക്ടറൊന്നിന് 40000 രൂപ)
11	മഞ്ഞൾ	0.02 ഹെക്ടർ	നട്ട് ഒരു മാസം കഴിഞ്ഞ് മൂന്ന് മാസം വരെ	0.02 ഹെക്ടറിന് 10 രൂപ	0.02 ഹെക്ടറിന് 800 രൂപ (ഹെക്ടറൊന്നിന് 40000 രൂപ)
12	കാപ്പി	10 മരങ്ങൾ	കായ്ഫലമുള്ളത്	ഒരു ചെടിക്ക് 1 വർഷത്തേക്ക് 1 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2 രൂപ	1 മരത്തിന് 75 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
13	തേയില	1 ഹെക്ടർ	ഇലയെടുത്ത് തുടങ്ങിയ ചെടികൾ	ഹെക്ടറൊന്നിന് 1 വർഷത്തേക്ക് 1000 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2500 രൂപ	ഹെക്ടറൊന്നിന് 60000 രൂപ ഇൻഷുർ ചെയ്തതിന്റെ 10%-മോ 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകുന്നതാണ്
14	കൊക്കോ	5 എണ്ണം	കായ്ഫലമുള്ളത്	1 രൂപ ഒരു മരത്തിന് 1 വർഷത്തേക്ക് 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2 രൂപ	ഒരു മരത്തിന് 35 രൂപ
15	നിലക്കടല	0.1 ഹെക്ടർ	നട്ട് കഴിഞ്ഞ് ഒരു മാസത്തിന് ശേഷം രണ്ടു മാസത്തിന് മുമ്പ്	0.1 ഹെക്ടറിന് 25 രൂപ	0.1 ഹെക്ടറിന് 800 രൂപ (ഹെക്ടറൊന്നിന് 8000 രൂപ)
16	എള്ള്	0.1 ഹെക്ടർ	വിതച്ച് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ	0.1 ഹെക്ടറിന് 25 രൂപ	0.1 ഹെക്ടറിന് 500 രൂപ (ഹെക്ടറൊന്നിന് 5000 രൂപ)

LIBRARY ARCHIVES Kerala Legislative Assembly

17	പച്ചക്കറി (പന്തലുള്ളവയും ഇല്ലാത്തവയും)	0.04 ഹെക്ടർ	നട്ട് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ	10 സെന്റിന് 10 രൂപ	10 സെന്റിന് 600 രൂപ (പന്തലില്ലാത്തവയ്ക്ക് ഹെക്ടറൊന്നിന് 15,000 രൂപ 10 സെന്റിന് 1000 രൂപ (25,000 രൂപ പന്തലുള്ളവയ്ക്ക്)
18	ജാതി	5 എണ്ണം	കായ്ഫലമുള്ളത്	ഒരു വർഷത്തേക്ക് ഒരു മരത്തിന് 2 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 5 രൂപ	200 രൂപ ഒരു മരത്തിന്
19	ഗ്രാമ്പു	5 എണ്ണം	കായ്ഫലമുള്ളത്	ഒരു വർഷത്തേക്ക് ഒരു മരത്തിന് 2 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 5 രൂപ	150 രൂപ ഒരു മരത്തിന്
20	വെറ്റില	ഒരു സെന്റ്	വിളവെടുപ്പ് ആരംഭിച്ചത്	ഒരു വർഷത്തേക്ക് സെന്റ് ഒന്നിന് 5 രൂപ	സെന്റ് ഒന്നിന് 250 രൂപ
21	പയർ വർഗ്ഗങ്ങൾ	0.10 ഹെക്ടർ	നട്ട് ഒരാഴ്ച കഴിഞ്ഞ് 1½ മാസം വരെ	0.10 ഹെക്ടറിന് 12.50 രൂപ	0.1 ഹെക്ടറിന് 250 രൂപ (ഹെക്ടറിന് 2500 രൂപ) 0.2

Page 18

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
22	കിഴങ്ങുവർഗ്ഗങ്ങൾ ചേന, മധുരകിഴങ്ങ്	0.02 ഹെക്ടർ	നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ	(എ) ചേനകൃഷിക്ക് 5 രൂപ (ബി) മധുരക്കിഴങ്ങ് കൃഷിക്ക് 3 രൂപ	(എ) 0.02 ഹെക്ടറിന് 500 രൂപ ചേന -(ഹെക്ടറിന് 25000 രൂപ) (ബി) 0.02 ഹെക്ടറിന് 200 രൂപ മധുരക്കിഴങ്ങ്- ഹെക്ടറൊന്നിന് 10,000 രൂപ)
23	കരിമ്പ്	0.10 ഹെക്ടർ	നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ	0.10 ഹെക്ടറിന് 60 രൂപ	0.1 ഹെക്ടറിന് 3000 രൂപ (ഹെക്ടറൊന്നിന് 30,000 രൂപ)
24	പുകയില	0.02 ഹെക്ടർ	നട്ട് രണ്ടാഴ്ച കഴിഞ്ഞ് 2 മാസം വരെ	0.02 ഹെക്ടറിന് 2 രൂപ	0.02 ഹെക്ടറിന് 400 രൂപ (ഹെക്ടറൊന്നിന് 20000 രൂപ)
25	നെല്ല്	0.10 ഹെക്ടർ	നട്ട് അല്ലെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 2 മാസം വരെ	0.10 ഹെക്ടറിന് 10 രൂപ	45 ദിവസത്തിനകമുള്ള വിളകൾക്ക് 7500 രൂപ ഹെക്ടറിന് 45 ദിവസത്തിനു ശേഷമുള്ള വിളകൾക്ക് 12,500 രൂപ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - II

[16-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*121)-ന്റെ ഉത്തരം കാണുക]

ദീർഘകാല വിളകൾക്ക് നടുന്നത് മുതൽ കായ്ച്ച് തുടങ്ങുന്നതു വരെയുള്ള കാലയളവിൽ നൽകുന്ന പ്രത്യേക ഇൻഷ്വറൻസ് സംരക്ഷണം

നമ്പർ	വിളകൾ	ഇൻഷർ ചെയ്യാൻ വേണ്ട വിളകളുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം	വിള ഇൻഷർ ചെയ്യാൻ വേണ്ട പ്രായം	അടയ്ക്കേണ്ട പ്രീമിയം	നഷ്ടപരിഹാരത്തുക (ഒരെണ്ണത്തിന്)
(1)	(2)	(3)	(4)	(5)	(6)
1	തെങ്ങ്	10 എണ്ണം	നട്ട് ഒരു മാസം മുതൽ 7 വർഷം വരെ	ഒരെണ്ണത്തിന് ഒരു വർഷത്തേക്ക് 1 രൂപ 3 വർഷത്തേക്ക് ഒരുമിച്ച് അടച്ചാൽ - 2 രൂപ	ആദ്യത്തെ മൂന്ന് വർഷത്തേക്ക് 100 രൂപ 3-7 വർഷം വരെ 200 രൂപ
2	കമുക്	10 എണ്ണം	നട്ട് ഒരു മാസം മുതൽ 6 വർഷം വരെ	3 വർഷത്തേക്ക് ഒരെണ്ണത്തിന് ഒരു രൂപ വീതം	3 വർഷം വരെ 25 രൂപ 3-6 വർഷം വരെ 40 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
3	റബ്ബർ	25 എണ്ണം	നട്ട് ഒരു മാസം മുതൽ 7 വർഷം വരെ	3 വർഷത്തേക്ക് 1 എണ്ണത്തിന് - 1 രൂപ വീതം	3 വർഷം വരെ 100 രൂപ 3–7 വർഷം വരെ 300 രൂപ
4	കശുമാവ്	5 എണ്ണം	നട്ട് ഒരു മസം മുതൽ 3 വർഷം വരെ	3 വർഷത്തേക്ക് 5 എണ്ണത്തിന് 3 രൂപ വീതം	3 വർഷം വരെ 50 രൂപ
		15 തറങ്ങ് മരങ്ങളിലുള്ളവ	നട്ട് ഒരു മാസം മുതൽ 4 വർഷം വരെ	15 തറങ്ങ് മരങ്ങളിലുള്ളതിന് ഒരു വർഷത്തേക്ക് 5 രൂപ 3 വർഷത്തേക്ക് ഒരുമിച്ച് അടച്ചാൽ 10 രൂപ	ആദ്യത്തെ 2 വർഷം 10 രൂപ (ഒരു തറങ്ങ് മരത്തിലുള്ളത്) 2–4 വർഷം വരെ - 20 രൂപ

LIBRARY ARCHIVED Kerala Legislative Assembly

അനുബന്ധം - III

[16-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*121)-ന്റെ ഉത്തരം കാണുക]

കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ

2008-09 റാബി സീസൺ

നമ്പർ	ജില്ല	വിളകൾ	ഇൻഷ്വർ ചെയ്യുവാനുള്ള തുക/പരമാവധി ആനുകൂല്യം ലഭിക്കാവുന്ന തുക	പ്രീമിയം തുക (കുറഞ്ഞതും കൂടിയതും നൽകേണ്ടത്)	പരിരക്ഷ ലഭിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ
(1)	(2)	(3)	(4)	(5)	(6)
1	പാലക്കാട്	ഗോതമ്പ്	ഒരു ഹെക്ടറിന് 400 രൂപ മുതൽ 750 രൂപ വരെ	ഒരു ഹെക്ടറിന് 27 രൂപ മുതൽ 51 രൂപ വരെ	കാലാവസ്ഥാ വ്യതിയാനങ്ങളായ മഴ, ഉഷ്ണം കൂടുക.
2	പാലക്കാട്	നെല്ല്	ഹെക്ടറിന് 20,000 രൂപ	ഹെക്ടറിന് 449 രൂപ	ഉയർന്ന ഊഷ്മാവ്, ഉയർന്ന കാറ്റ്, അകാലത്തുള്ള അധിക മഴ

2/776/2020

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
3	കാസർഗോഡ്	കശുമാവ്	ഹെക്ടറിന് 50,000 രൂപ	ഹെക്ടറിന് 3371 രൂപ	താഴ്ന്ന ഊഷ്മാവ്, രോഗകീടങ്ങൾക്ക് അനുകൂലമായ കാലാവസ്ഥ, അസമയത്തുള്ള അധിക മഴ
			2009-10 ഖാരിഫ് സീസൺ		
1	പാലക്കാട്	നെല്ല്	ഹെക്ടറിന് 25,000 രൂപ	ഹെക്ടറിന് 593 രൂപ	മഴയുടെ കുറഞ്ഞ അളവ് വിതരണം (തുടർച്ചയായ വരണ്ട ദിനങ്ങൾ, അധിക മഴ)
2	ഇടുക്കി	കായ്ക്കുന്ന കുരുമുളക്	ഹെക്ടറിന് 25,000 രൂപ	ഹെക്ടറിന് 1654 രൂപ	മഴയുടെ കുറഞ്ഞ അളവും വിതരണവും (തുടർച്ചയായ വരണ്ട ദിനങ്ങൾ, അധിക മഴ)

KERALA LEGISLATIVE ASSEMBLY

			2008-09 ലാതിൽ സീസൺ		
1	പാലക്കാട്	തെങ്ങ്	20,000	441 മുല (ഹെക്ടറിന്)	ഉയർന്ന ഉൽപ്പാദനം, ഉയർന്ന കാറ്റ്, അകാലത്തുള്ള അധിക മഴ
2	കോഴിക്കോട്	കുരുമുളക്	50,000	3309 മുല (ഹെക്ടർക്ക്)	തടസ്സമായ ഉൽപ്പാദനം, കീടങ്ങൾക്ക് അനുകൂലമായ കാലാവസ്ഥ, അസമയത്തുള്ള മഴ
			2010-11 ലാതിൽ സീസൺ		
1	പാലക്കാട്	തെങ്ങ്	25,000	607 മുല (ഹെക്ടറിന്)	മഴയുടെ കുറവായ അളവ് വിതരണം (തുടർച്ചയായ വരണ്ട ദിനങ്ങൾ), അധിക മഴ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
2	ഇടുക്കി, വയനാട്	കുരുമുളക്	25,000	1654 രൂപ (ഹെക്ടറിന്)	മഴയുടെ കുറഞ്ഞ അളവ് വിതരണം
			2010-11 ഖാരിഫ് സീസൺ		
1	പാലക്കാട്	നെല്ല്	20,000	441 രൂപ (ഹെക്ടറിന്)	ഉയർന്ന ഊഷ്മാവ്, ഉയർന്ന കാറ്റ്, അകാലത്തുള്ള അധിക മഴ
2	പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്	കശുമാവ്	50,000	3309 രൂപ (ഹെക്ടറിന്)	താഴ്ന്ന ഊഷ്മാവ്, കീടങ്ങൾക്ക് അനുകൂലമായ കാലാവസ്ഥ, അസമയത്തുള്ള മഴ